പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6626 12.07.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം സംബന്ധിച്ച് കൺസൾട്ടൻസി പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>" റ്റി. എ. അഹമ്മദ് കബീർ<br>" എൻ. ഷംസുദ്ദീൻ<br>" പി. ഉബൈദുള്ള | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം സംബന്ധിച്ച് വർമ്മ ആന്റ് വർമ്മ എന്ന കൺസൾട്ടൻസി പഠനം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരമൊരു പഠനം നടത്തുന്നതിന് ഇടയായ സാഹചര്യം വെളിപ്പെടുത്തുമോ; | (ബി) | കെ.എസ്.ആർ.ടി.സി. യിൽ താഴെപ്പറയുന്ന വിഷയങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ സമയബന്ധിതമായി ക്രമീകരിക്കുന്നതിന് ഒരു വിദഗ്ദ്ധ പഠനം അത്യന്താപേക്ഷിതമായി വന്നതാണ് ഇത്തരം ഒരു പഠനം നടത്തുന്നതിന് ഇടയായ സാഹചര്യം.<br><br>1. നിലവിലുള്ള കെ.എസ്.ആർ.ടി.സി. യുടെ സംവിധാനം എങ്ങനെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാം എന്നതും നിലവിലുള്ള സംവിധാനത്തെ പ്രൊഫഷണലൈസ് ചെയ്യുക എന്നതും.<br>2. കെ.എസ്.ആർ.ടി.സി. യെ സാമ്പത്തികമായി എങ്ങനെ ശാക്തീകരിക്കാം, ബാദ്ധ്യതകൾ എങ്ങനെ കുറച്ചുകൊണ്ടുവരണം, കോർപ്പറേഷന് നിലവിലുള്ള വെല്ലുവിളികൾ, സാമ്പത്തിക അച്ചടക്കവും, ക്രമീകരണവും എന്നിവ, കെ.എസ്.ആർ.ടി.സി. യുടെ ശക്തിയും, ദൗർബല്യവും കണ്ടെത്തി പരിഹാരം ഉണ്ടാക്കുക.<br>3. പെൻഷൻ ബാദ്ധ്യത നിറവേറ്റുന്നതിനുള്ള വഴി കണ്ടെത്തുക. |

| | | | |
|---|---|---|---|
| | | | 4. കെ.എസ്.ആർ.ടി.സി. യുടെ ശക്തിയും, ദൗർബല്യവും മനസ്സിലാക്കി അടുത്ത പത്ത് വർഷത്തേയ്ക്കുള്ള സാങ്കേതികവും, കാര്യക്ഷമവുമായ നവീകരണ പദ്ധതികൾ സമഗ്രമായി ആവിഷ്കരിക്കുക.<br>5. കെ.എസ്.ആർ.ടി.സി. യുടെ പൊതുവായ ഉന്നമനത്തിനാവശ്യമായ മറ്റെല്ലാകാര്യങ്ങളിലും പഠനം നടത്തുക. |
| (സി) | പ്രസ്തുത പഠനം നടത്തുന്നതിന് ഈ കൺസൾട്ടൻസിയെ നിയോഗിച്ചത് ആരായിരുന്നു; | (സി) | പ്രസ്തുത കൺസൾട്ടൻസിയെ നിയോഗിച്ചത് കെ.എസ്.ആർ.ടി.സി. യാണ്. |
| (ഡി) | പ്രസ്തുത കൺസൾട്ടൻസി ഏതെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ഉണ്ട്. റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | ഈ കൺസൾട്ടൻസിക്ക് ഇക്കാര്യത്തിന് എന്ത് തുക നൽകി; | (ഇ) | ഈ കൺസൾട്ടൻസിക്ക് പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനായി താഴെ പറയുന്ന പ്രകാരം തുകകൾ നൽകിയിട്ടുണ്ട്.<br><br>ആദ്യ ഗഡു: ₹ 3,52,960/-<br>രണ്ടാം ഗഡു: ₹ 3,59,552/-<br>മൂന്നാം ഗഡു: ₹ 1,79,776/-<br>യാത്രാ ചെലവുകൾ: 14,691/-<br><br>ആകെ : 9,06,979/- രൂപ. |
| (എഫ്) | ഏത് ഫണ്ടിൽ നിന്നാണ് പ്രസ്തുത തുക നൽകിയത്; വ്യക്തമാക്കുമോ? | (എഫ്) | കെ.എസ്.ആർ.ടി.സി. യുടെ ഫണ്ടിൽ നിന്നാണ് പ്രസ്തുത തുക നൽകിയത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

➢ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ താഴെ പറയുന്നു.

1. കെ.എസ്.ആർ.ടി.സി. യുടെ അധീനതയിലുള്ള സ്ഥലത്തിന് ബുക്ക് വാല്യു മാത്രമാണ് ആസ്തിയായി കാണിക്കാൻ സാധിക്കുന്നത്. ആർ.ടി.സി. ആക്ട് 1950-ലെ ഇതുസംബന്ധിച്ചുള്ള വ്യവസ്ഥകൾ പരിഷ്കരിച്ച് യഥാർത്ഥ മാർക്കറ്റ് വില ആസ്തിയായി കാണിക്കുന്നതിന് ശ്രമിക്കണം.
2. സർക്കാരിൽനിന്നും കെ.എസ്.ആർ.ടി.സി.ക്ക് നൽകിയിരിക്കുന്ന 490.50 കോടി രൂപയുടെ വായ്പ ഇക്വിറ്റിയായി കണക്കാക്കുന്നതിന് നടപടി സ്വീകരിക്കണം. ഒപ്പം കെ.ടി.ഡി.എഫ്.സി. യിൽ നിന്നും വാങ്ങുന്ന വായ്പയുടെ പലിശ നിരക്ക് രണ്ട് ശതമാനം എങ്കിലും കുറയ്ക്കണം. അന്താരാഷ്ട്ര മുൻനിര ബാങ്കുകൾ ആയ World Bank, Asian Development Bank, Japan Bank of International Co-operation തുടങ്ങിയവയിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ ലോൺ ലഭ്യമാക്കണം.
3. പെൻഷൻ ബാദ്ധ്യത നിറവേറ്റുന്നതിനായി, സർക്കാർ ഗ്രാന്റ് / സബ്സിഡി ലഭ്യമാക്കണം.
4. സർക്കാർ അനുവാദത്തോടുകൂടി ഉയർന്ന നിരക്കിലുള്ള ടിക്കറ്റുകൾക്ക് Cess ഏർപ്പെടുത്തുക.
5. മനുഷ്യപ്രയത്നവും, തൊഴിലാളി - ബസ് അനുപാതവും പരിശോധനയ്ക്ക് വിധേയമാക്കുക.
6. മാനേജ്മെന്റിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിയമിക്കുക.
7. ബസ് സർവ്വീസുകൾ കാര്യക്ഷമമാക്കുക. ഇതിനായി ഓരോ തലത്തിലും കി.മീറ്റർ പ്രതി വരുമാനം, ബസ് പ്രതി വരുമാനം, കി.മീറ്റർ പ്രതി ഡീസൽ, ബസ് പ്രതി ജീവനക്കാർ എന്നിവ കണക്കാക്കി ബഡ്ജറ്റും ലക്ഷ്യവും കണക്കാക്കുക.
8. ദീർഘദൂര സർവ്വീസുകൾ ആകെയുള്ള ബസ്സുകളുടെ 22% എന്നത് വർദ്ധിപ്പിച്ച് 50% ആക്കുക. ബസ് പ്രതി യാത്രക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക. On-line, Mobile ബുക്കിംഗ് സമ്പ്രദായം കാര്യക്ഷമവും സാർവ്വത്രികവുമാക്കുക.
9. ബസ്സുകളുടെ off-road എണ്ണം ഗണ്യമായി കുറയ്ക്കുക. കി.മീറ്റർ പ്രതി ലിറ്റർ ഡീസൽ ഉപഭോഗം 4.25 എന്നത് 5 ആക്കുക.
10. നിലവിലുള്ള കോർപ്പറേഷൻ വക വസ്തുക്കളിൽ പുതിയ കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുക.
11. ബസ്സുകളുടെ നിയന്ത്രണത്തിനും കാര്യക്ഷമമായ സർവ്വീസ് ഓപ്പറേഷനും അനുയോജ്യമായ കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കുക. ഇന്റേണൽ ഓഡിറ്റ് ശക്തിപ്പെടുത്തുക.
12. എല്ലാ വിഭാഗം ജീവനക്കാർക്കും ആധുനിക രീതിയിലുള്ള ട്രെയിനിംഗ് നൽകുക.
13. സാമൂഹ്യ ബാധ്യത ഇനത്തിൽ കോർപ്പറേഷന് ചിലവാകുന്ന തുകയ്ക്ക് ഗവൺമെന്റ് സഹായം നൽകുക.

സെക്ഷൻ ഓഫീസർ